അബ്ദുല്ലത്വീഫ് കൊടുവള്ളി

# ഖബ്റിലെ ശിക്ഷ ജീവിച്ചിരിക്കുന്നവർ അറിയാത്തതെന്തുകൊണ്ട്?

عَن زيد بن ثابت (ر) قَالَ بَيْنَمَا النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي حَائِطٍ لِبَنِي النَّجَّارِ عَلَى بَغْلَةٍ لَهُ وَنَحْنُ مَعَهُ إِذْ حَادَتْ بِهِ فَكَادَتْ تُلْقِيهِ وَإِذَا أَقْبُرُ سِتَّةٍ أَو خَمْسَة أَو أَرْبَعَة فَقَالَ: «من يعرف أَصْحَاب هَذِهِ الأقبر فَقَالَ رجل أَنَا قَالَ فَمَتَى مَاتَ هَؤُلَاءِ قَالَ مَاتُوا فِي الْإِشْرَاك فَقَالَ إِنَّ هَذِهِ الْأُمَّةَ تُبْتَلَى فِي قُبُورِهَا فَلَوْلَا أَنْ لَا تَدَافَنُوا لَدَعَوْتُ اللَّهَ أَنْ يُسْمِعَكُمْ مِنْ عَذَابِ الْقَبْرِ الَّذِي أَسْمَعُ مِنْهُ ثُمَّ أَقْبَلَ عَلَيْنَا بِوَجْهِهِ فَقَالَ تَعَوَّذُوا بِاللَّهِ مِنْ عَذَابِ النَّارِ قَالُوا نَعُوذُ بِاللَّهِ مِنْ عَذَاب النَّار فَقَالَ تَعَوَّذُوا بِاللَّهِ مِنْ عَذَابِ الْقَبْرِ قَالُوا نَعُوذُ بِاللَّه من عَذَاب الْقَبْر قَالَ تَعَوَّذُوا بِاللَّهِ مِنَ الْفِتَنِ مَا ظَهَرَ مِنْهَا وَمَا بَطَنَ قَالُوا نَعُوذُ بِاللَّهِ مِنَ الْفِتَنِ مَا ظَهَرَ مِنْهَا وَمَا بَطَنَ قَالَ تَعَوَّذُوا بِاللَّهِ مِنْ فِتْنَةِ الدَّجَّالِ قَالُوا نَعُوذُ بِاللَّهِ مِنْ فِتْنَةِ الدَّجَّالِ (رواه مسلم)

**സൈദുബ്നു സാബിത്തിൽ(റ)നിന്ന് നിവേദനം: നബി (സ) നജ്ജാർ വംശജരുടെ തോട്ടത്തിൽ തന്റെ കോവർ കഴുതയുടെ പുറത്ത് ഇരിക്കുകയായിരുന്നു. ഞങ്ങളും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. അതിനിടെ, കോവർ കഴുത നബി(സ)യെയുമായി ഒന്നു വിരണ്ടു. അത് അദ്ദേഹത്തെ നിലത്തിടുമെന്നായി. അവിടെ നാലോ അഞ്ചോ ആറോ പേരുടെ ഖബ്റുകൾ ഉണ്ടായിരുന്നു. നബി (സ) ചോദിച്ചു: 'ഈ ഖബ്റുകൾ ആരുടേതാണെന്ന് ആർക്കറിയാം?' അപ്പോൾ ഒരാൾ പറഞ്ഞു: 'എനിക്ക് അറിയാം.' നബി (സ): ഇവർ എപ്പോൾ മരിച്ചവരാണ്? അയാൾ: 'ബഹുദൈവവിശ്വാസികളായി മരിച്ചവരാണ്.' നബി (സ): 'ഇവർ തങ്ങളുടെ ഖബ്റുകളിൽ പരീക്ഷിക്കപ്പെടുന്നു. നിങ്ങൾ മരിച്ചവരെ മറമാടാതെ കളയുമോ എന്ന് (ഞാൻ ഭയപ്പെട്ടില്ലായിരുന്നുവെങ്കിൽ) ഞാൻ കേൾക്കുന്ന ഖബ്ർ ശിക്ഷ നിങ്ങളെ കേൾപ്പിക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുമായിരുന്നു. അനന്തരം നബി (സ) ഞങ്ങൾക്കഭിമുഖമായി നിന്നിട്ട് പറഞ്ഞു: 'നിങ്ങൾ അല്ലാഹുവോട് നരകശിക്ഷയിൽനിന്ന് അഭയം തേടുക. സ്വഹാബികൾ: 'ഞങ്ങൾ നരകശിക്ഷയിൽനിന്ന് അല്ലാഹുവോട് അഭയം തേടുന്നു.' നബി (സ): 'നിങ്ങൾ ഖബ്റിലെ ശിക്ഷയിൽനിന്ന് അല്ലാഹുവോട് അഭയം തേടുക.' സ്വഹാബികൾ: 'ഞങ്ങൾ ഖബ്റിലെ ശിക്ഷയിൽനിന്ന് അല്ലാഹുവോട് അഭയം തേടുന്നു.' നബി (സ): 'നിങ്ങൾ പ്രത്യക്ഷവും പരോക്ഷവുമായ ഫിത്നകളിൽനിന്ന് അല്ലാഹുവോട് ശരണം തേടുക.' സ്വഹാബികൾ: 'ഞങ്ങൾ പ്രത്യക്ഷവും പരോക്ഷവുമായ ഫിത്നകളിൽനിന്ന് അല്ലാഹുവോട് അഭയം തേടുന്നു.' നബി (സ): 'നിങ്ങൾ ദജ്ജാലിന്റെ ഫിത്നയിൽനിന്ന് അല്ലാഹുവോട് ശരണം തേടുക!' സ്വഹാബികൾ: ഞങ്ങൾ ദജ്ജാലിന്റെ ഫിത്നയിൽനിന്ന് അല്ലാഹുവോട് ശരണം തേടുന്നു" (മുസ്ലിം).**

ഇസ്ലാമിക വിശ്വാസ പ്രകാരം ലോകം രണ്ടാണ്. ഒന്ന്, ആലമുശ്ശഹാദഃ (പഞ്ചേന്ദ്രിയങ്ങൾക്ക് വിധേയമായ ഭൗതിക ലോകം). രണ്ട്, ആലമുൽ ഗൈബ് (പഞ്ചേന്ദ്രിയാതീതമായ അഭൗതിക ലോകം). പരിമിത ജ്ഞാനികളായ മനുഷ്യരെ അഭൗതിക ലോകത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് അല്ലാഹു, താരതമ്യേന അളവും വലുപ്പവും കുറഞ്ഞ ഭൗതിക ലോകത്തിലെ പഞ്ചേന്ദ്രിയാനുഭവങ്ങൾ മുൻനിർത്തി, അതേക്കാൾ അനന്തവും അജ്ഞാതവുമായി പരന്നു കിടക്കുന്ന ഇന്ദ്രിയാതീത യാഥാർഥ്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഖുർആനിൽ ഇത്തരം അവതരണങ്ങൾ ധാരാളമായി കാണാം. ഉദാഹരണമായി, അന്നബഅ് 1-5 സൂക്തങ്ങളിൽ മക്കയിലെ ബഹുദൈവ വിശ്വാസികളുടെ പരലോക നിഷേധം എടുത്തു പറഞ്ഞ ശേഷം 6-16 സൂക്തങ്ങ

ളിൽ ഭൗതിക ലോകത്തെ വിവിധ പഞ്ചേന്ദ്രിയാനുഭവങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു. വിരിപ്പിനു സമാനമായ ഭൂതലം, ഭൂമിയുടെ സന്തുലനം ഉറപ്പുവരുത്തുന്ന പർവതങ്ങൾ, ഇണ-തുണകളായ സ്ത്രീ-പുരുഷന്മാർ, ഉറക്കം എന്ന വിശ്രമം, വസ്ത്രസമാനമായ രാത്രി കാലം, ജീവസന്ധാരണവേളയായ പകൽ, ബലിഷ്ഠഭദ്രമായ ഏഴു വാനങ്ങൾ, കത്തിജ്വലിക്കുന്ന സൂര്യൻ, കാർമേഘങ്ങളിൽനിന്ന് കുത്തിയൊഴുകുന്ന ജലം, ധാന്യങ്ങൾ, സസ്യങ്ങൾ, ഇടതൂർന്ന തോട്ടങ്ങൾ... എല്ലാം ഒരു മനുഷ്യായുസ്സിൽ അനുഭവിച്ചറിയുന്ന ഭൗതിക സാന്നിധ്യങ്ങൾ, വസ്തുക്കൾ, വസ്തുതകൾ... ഇവ യാഥാർഥ്യങ്ങളാണെങ്കിൽ അതേക്കാൾ കടുത്ത യാഥാർഥ്യങ്ങളായി ലോകാവസാനവും വിചാരണയും രക്ഷാ-ശിക്ഷകളും സംഭവിക്കാനിരിക്കുന്നു എന്നാണ് *അന്നബഅ്* 17 മുതൽ തുടർന്നുള്ള സൂക്തങ്ങളിൽ വിശദീകരിക്കുന്നത് (സമാന ശൈലിയിൽ ഖുർആനിൽ വേറെയും സൂക്തങ്ങളുണ്ട്).

മരണവും മരണാനന്തരാനുഭവങ്ങളും ഭൗതികാതീത കാര്യങ്ങളാണ്. പുനരുദ്ധാനത്തിനു മുമ്പുള്ള ഖബ്‌റിലെ/ബർസഖീ അനുഭവങ്ങൾ അതിപ്രധാനമായ അദൃശ്യ കാര്യമാണ്. അല്ലാഹുവിൽനിന്നുള്ള വഹ്‌യിന്റെയും ദൃശ്യ-ശ്രാവ്യാനുഭവങ്ങളുടെയും വെളിച്ചത്തിൽ ഖബ്‌റുകളിലെ അനുഭവങ്ങളെക്കുറിച്ച് പല സന്ദർഭങ്ങളിൽ നബി (സ) സ്വഹാബികളെ ബോധവത്കരിച്ചിട്ടുണ്ട്. അവയിൽ പലതും ശ്മശാനങ്ങളിൽ വെച്ചായിരുന്നു. ഈ ബോധന രീതി വിഷയത്തിന്റെ ഗൗരവം തീവ്രമായി ഉൾക്കൊള്ളാൻ സഹായിക്കും. ഇത്തരമൊരു സന്ദർഭമാണ് മേൽ ഹദീസിന്റെ പശ്ചാത്തലം. ബഹുദൈവ വിശ്വാസവും ബന്ധപ്പെട്ട തിന്മകളുമാണ് ആ ഖബ്‌റാളികളുടെ ശിക്ഷക്കാധാരം എന്ന് ഹദീസ് വ്യക്തമാക്കുന്നു.

ഖബ്‌റിൽ ശിക്ഷ നടക്കുന്നുവെങ്കിൽ നാം അത് അറിയേണ്ടതല്ലേ എന്ന ചോദ്യം സ്വാഭാവികമാണ്. അത് അഭൗതിക യാഥാർഥ്യമാണെന്നതാണ് അതിന്റെ ഒന്നാമത്തെ ഉത്തരം. ഖബ്‌റിലെ സ്ഥിതിഗതികൾ കാണാനോ കേൾക്കാനോ കഴിഞ്ഞിരുന്നുവെങ്കിൽ,

> **മരണവും മരണാനന്തരാനുഭവങ്ങളും ഭൗതികാതീത കാര്യങ്ങളാണ്. പുനരുദ്ധാനത്തിനു മുമ്പുള്ള ഖബ്‌റിലെ/ബർസഖീ അനുഭവങ്ങൾ അതിപ്രധാനമായ അദൃശ്യ കാര്യമാണ്. അല്ലാഹുവിൽനിന്നുള്ള വഹ്‌യിന്റെയും ദൃശ്യ-ശ്രാവ്യാനുഭവങ്ങളുടെയും വെളിച്ചത്തിൽ ഖബ്‌റുകളിലെ അനുഭവങ്ങളെക്കുറിച്ച് പല സന്ദർഭങ്ങളിൽ നബി (സ) സ്വഹാബികളെ ബോധവത്കരിച്ചിട്ടുണ്ട്.**

മരിച്ചവരെ മറമാടാൻ ആളുകൾ തയാറാവാതെ മൃതദേഹങ്ങളെ ഉപേക്ഷിച്ചു കളയുന്ന സാഹചര്യമുണ്ടാവുമായിരുന്നു. എന്തു മാത്രം ദുരന്തപൂർണമായിരിക്കും ആ അവസ്ഥ! അതൊഴിവാക്കാനാണ് അല്ലാഹു ബർസഖീ ജീവിതത്തിലെ അനുഭവങ്ങളെ അദൃശ്യമാക്കിയതെന്നാണ് നബി (സ) നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

ഖബ്‌റിൽ വെച്ചുള്ള ചോദ്യങ്ങൾ, ഭേദ്യങ്ങൾ, ആർത്തട്ടഹാസങ്ങൾ, വിവിധ ശിക്ഷാ മുറകൾ, അതറിയുന്ന ജീവജാലങ്ങളുടെ ഭാവങ്ങൾ മുതലായവയെക്കുറിച്ച് നബി (സ) വിശദീകരിച്ചതാണ്. ഭൗതികലോകത്തെ ചെറിയ ദുരന്താനുഭവങ്ങൾ പോലും നമ്മിലുണ്ടാക്കുന്ന ഭയവിഹ്വലതകൾ പറഞ്ഞറിയിക്കാൻ കഴിയാത്തതാണ് എന്നിരിക്കെ ഭൗതികാതീത ശിക്ഷകളുടെ കാഠിന്യവും വിലാപങ്ങളും മനുഷ്യർക്കെങ്ങനെ താങ്ങാൻ കഴിയും? ബുദ്ധിയെയും ഭൗതിക ജ്ഞാനോപാധികളെയും മാത്രം ഉപജീവിക്കുന്നവരെ സംബന്ധിച്ചേടത്തോളം ഭൗതിക ലോകത്തിന്റെ പരിധികളിൽ നിന്നുകൊണ്ട് കേവല നിഗമനങ്ങളിലെത്താനേ കഴിയൂ. അതിനപ്പുറവും അറിവിന്റെ വഴികൾ ഉണ്ടെന്നു വിശ്വസിക്കുന്ന വിശ്വാസികളെ സംബന്ധിച്ചേടത്തോളം ഖബ്‌റിലെ രക്ഷാ ശിക്ഷകൾ അനുഭവവേദ്യ സമാനം യാഥാർഥ്യമാണ്. അത് അവരെ ഗുണപരമായി സ്വാധീനിക്കുകയും ചെയ്യും. തന്നിലേക്ക് തിരിച്ചു ചെല്ലുന്ന മനുഷ്യന്റെ ജീവിതകാലത്തെ നിലപാടുകളോടുള്ള അല്ലാഹുവിന്റെ സ്വാഭാവികവും പ്രാഥമികവുമായ പ്രതികരണമാണ് ഖബ്‌റിലെ രക്ഷാ-ശിക്ഷാനുഭവങ്ങൾ. മനുഷ്യരും ജിന്നുകളും ഒഴികെയുള്ള ജീവജാലങ്ങൾ ഖബ്‌റുകളിലെ അനുഭവങ്ങൾ അറിയുന്നു എന്ന് നബി (സ) വ്യക്തമാക്കിയിട്ടുണ്ട്.

തുടർന്ന് നബി (സ) സ്വഹാബികളോട് ഖബ്‌റിലെയും നരകത്തിലെയും ശിക്ഷകളിൽനിന്നും വിവിധതരം ഫിത്‌നകളിൽനിന്നും ദജ്ജാലിന്റെ കുഴപ്പത്തിൽനിന്നും വെവ്വേറെ അഭയം തേടാൻ ഉദ്ബോധിപ്പിക്കുകയും അവർ അങ്ങനെത്തന്നെ പ്രത്യേകം പ്രത്യേകം അഭയം തേടുകയും ചെയ്തു. മേൽ നാലു കാര്യങ്ങളും അതതു നിലകളിൽ ഗുരുതരമായ ദുരന്തങ്ങളാണല്ലോ. ഭയപ്പെടേണ്ടതായ എല്ലാ ആശങ്കകളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ-ആമീൻ. ●


## അറിയിപ്പ്

കഴിഞ്ഞ പ്രബോധനം കാമ്പയിനിൽ വരിചേർന്ന ആറുമാസവരിക്കാരുടെ വരിസംഖ്യ 2022 ഫെബ്രുവരി മുതൽ അവസാനിക്കുകയാണ്. വാരിക തുടർന്ന് ലഭിക്കുന്നതിന് വരി പുതുക്കാൻ ശ്രദ്ധിക്കുമല്ലോ.

<u>വരിസംഖ്യ</u>

**രണ്ട് വർഷം 1100, ഒരു വർഷം 550, ആറുമാസം 300**

മാനേജർ, *പ്രബോധനം* വാരിക

**0495 2730744**